**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **16-09-2025 - ൽ മറുപടിയ്ക്ക്**

**നോർക്ക ശുഭയാത്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന 18-നും 55-നും മദ്ധ്യേ പ്രായമുള്ളവരും വിദേശ ജോലിക്ക് ശ്രമിക്കുന്നവരുമായ വനിതകൾക്കായി നോർക്കയും വനിതാ വികസന കോർപ്പറേഷനും സംയുക്തമായി നോർക്ക ശുഭയാത്ര പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വിദേശ രാജ്യങ്ങളിലേക്ക് ജോലി തേടി പോകുന്നവർക്ക് യാത്രയുമായി ബന്ധപ്പെട്ട ചെലവുകൾ കണ്ടെത്തുന്നതിനും ജോലി ലഭിക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നേടുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് നോർക്ക ശുഭയാത്ര. ഈ പദ്ധതിയിലൂടെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അർഹരായ അപേക്ഷകർക്ക് പലിശ ഇളവോടെ വായ്പ അനുവദിക്കുന്നു.<br><br>സാമ്പത്തിക ബുദ്ധിമുട്ടു നേരിടുന്നവരും 18 നും 55 നും മധ്യേ പ്രായമുള്ളവരും വിദേശ ജോലിക്ക് ശ്രമിക്കുന്നവരുമായ വനിതകൾക്ക് വായ്പ അനുവദിക്കുന്നതിന് നോർക്ക റൂട്ട്സും, വനിതാ വികസന കോർപറേഷനുമായി ധാരണാ പത്രം ഒപ്പു വെച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 26.08.2025 മുതൽ അപേക്ഷകൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് പരമാവധി എത്ര തുകവരെ വായ്പ ലഭ്യമാകുമെന്നും വായ്പാ സബ്സിഡി, പലിശ തുടങ്ങിയവ സംബന്ധിച്ചുള്ള വിശദാംശവും ലഭ്യമാക്കാമോ; | (ബി) | നോർക്ക ശുഭയാത്ര പദ്ധതിയ്ക്ക് പരമാവധി 2 ലക്ഷം രൂപ, 36 മാസ കാലാവധിയിൽ വായ്പയായി അനുവദിക്കുന്നതാണ്. പ്രവാസി സഹകരണ സംഘങ്ങൾ വഴി 10.5% പലിശ നിരക്കിലും കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ മുഖേന 8% പലിശ നിരക്കിൽ  വനിതകൾക്കും വായ്പ അനുവദിക്കുന്നതാണ്. വായ്പാ തവണ കൃത്യമായി തിരിച്ചടക്കുന്നവർക്ക്  ആദ്യത്തെ ആറുമാസത്തെ മുഴുവൻ പലിശയും തുടർന്നുള്ള 30 മാസത്തെ പലിശയിൽ 4% വും നോർക്ക തിരികെ നൽകുന്നതാണ്. |
| (സി) | വിസ സ്റ്റാമ്പിങ്, എച്ച്. ആർ. ഡി. /എംബസി അറ്റസ്റ്റേഷൻ, എയർ ടിക്കറ്റുകൾ, വാക്സിനേഷൻ തുടങ്ങിയവയ്ക്ക് വായ്പാ തുക ഉപയോഗിക്കാൻ കഴിയുന്ന | (സി) | വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി പ്രകാരം ഇന്ത്യാ ഗവൺമെന്റിന്റെ ഇ-മൈഗ്രേറ്റ് പോർട്ടലിൽ പേര് പ്രദർശിപ്പിച്ചിട്ടുള്ള, അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശത്ത് തൊഴിൽ |

| | | | |
|---|---|---|---|
| | തരത്തിലാണോ പ്രസ്തുത പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | ലഭ്യമായവർക്ക് യാത്രയുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾ (റിക്രൂട്ടിംഗ് കമ്പനികൾക്കുള്ള സേവന നിരക്കുകൾ, വിസ സ്റ്റാമ്പിങ് നിരക്കുകൾ, മെഡിക്കൽ പരിശോധന, വിമാന ടിക്കറ്റ്, വാക്സിൻ തുടങ്ങിയവ) കണ്ടെത്തുന്നതിന് വായ്പ അനുവദിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | 1) പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി (Scheme for Foreign Employability Skilling Assistance) പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്ക് വായ്പ ലഭിക്കുന്നതിന് വിദേശ രാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുവാൻ അവരെ പ്രാപ്തരാക്കുന്ന പരിശീലന കോഴ്സുകൾ നടത്തുന്ന സ്ഥാപനത്തിലെ ഫീസ് രസീതോ എൻറോൾമെന്റ് സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.<br><br>2) വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി (Scheme for Foreign Employment Travel Assistance) പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർ, ഇന്ത്യാ ഗവൺമെന്റിന്റെ ഇ-മൈഗ്രേറ്റ് പോർട്ടലിൽ പേര് പ്രദർശിപ്പിച്ചിട്ടുള്ളതും രജിസ്റ്റർ ചെയ്തതുമായ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേനയുള്ള ജോബ് ഓഫർ ലഭിച്ചവരായിരിക്കണം.<br><br>ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നോർക്ക റൂട്ട്സ് ശിപാർശ ചെയ്ത് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന് നൽകുന്നതും അവർ രേഖകൾ പരിശോധിച്ച് വായ്പാ വ്യവസ്ഥകൾക്ക് വിധേയമായി വായ്പ അനുവദിക്കുന്നതാണ്. |
| (ഇ) | പദ്ധതി എന്നുമുതൽ ആരംഭിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | നോർക്ക ശുഭയാത്ര പദ്ധതി ആരംഭിച്ചു കഴിഞ്ഞു. 26.08.2025 മുതൽ നോർക്ക റൂട്ട്സ് വെബ്സൈറ്റ് മുഖേന അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ